ഉത്തരം

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിശദാംശങ്ങൾ തയ്യാറായി വരുന്നതേയുള്ളൂ.

കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം

274 (1318) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി മണ്ഡലത്തിൽ കൊല്ലം-മുചുകുന്ന് റെയിൽവേ മേൽപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദമാക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

സ്പീഡ് കേരള പരിപാടി

275 (1319) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) ഇതിന്റെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാമാണ് എന്നും ബാക്കി പദ്ധതികൾക്ക് എന്നത്തേക്ക് ഭരണാനുമതി നൽകാനാകും എന്നും ഭരണാനുമതി നൽകിയ പദ്ധതികളിൽ പ്രവർത്തനം ആരംഭിച്ച പദ്ധതികൾ ഏതെല്ലാം എന്നും വെളിപ്പെടുത്താമോ ;

(സി) ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യങ്ങളും നടത്താനാണ് ഈ പരിപാടിയിൽ ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) പരിപാടിയിൽ പദ്ധതികൾ ഉൾപ്പെടുത്താൻ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇത്തരം മാനദണ്ഡം ഉള്ള സ്ഥലങ്ങളെ പദ്ധതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ എങ്കിൽ ഒഴിവാക്കാനുള്ള കാരണം വിശദീകരിക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) സ്പീഡ് കേരള പരിപാടിയുടെ ഭാഗമായി ഭരണാനുമതി നൽകിയ പദ്ധതികളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.* വിശദമായ രൂപരേഖ തയ്യാറാക്കിയ മറ്റ് 8 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലാണ്. ബാക്കി 5 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു. ഭരണാനുമതി നൽകിയവയിൽ കോഴിക്കോട് ബൈപ്പാസ്, പാലാരിവട്ടം ഫ്ലൈ ഓവർ, കഞ്ഞിക്കുഴി-വെട്ടത്തുകവല -കറുകച്ചാൽ -മല്ലപ്പള്ളി റോഡ്, രാമപുരം-നാലമ്പലം-ദർശനം റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നീ അടിസ്ഥാന സൗകര്യ വികസനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി&ഇ) ഗതാഗത സാന്ദ്രത, വാണിജ്യ പ്രധാന്യം, റോഡിന്റെ അവസ്ഥ, കണക്ടിവിറ്റി എന്നിവ പരിഗണിച്ചാണ് പദ്ധതികൾ തിരഞ്ഞെടുത്തത്.

ചേലക്കര നിയോജക മണ്ഡലത്തിലെ കെട്ടിട നിർമ്മാണ പ്രവൃർത്തികൾ

276 (1320) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടന്നുവരുന്ന വിവിധ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവ ഓരോന്നും എന്നാണാരംഭിച്ചതെന്നും ഭരണാനുമതി തുക എത്രയാണെന്നും അറിയിക്കുമോ ;

(സി) ഇവയിൽ മുടങ്ങിക്കിടക്കുന്ന പണികൾ ഏതെല്ലാമാണെന്നും അവയുടെ നിർമ്മാണം മുടങ്ങുവാനുണ്ടായ കാരണങ്ങളും വ്യക്തമാക്കാമോ ;

(ഡി) നിർമ്മാണം മുടങ്ങിയവയുടെ പണി പുനഃരാരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഇ) ഇവയിൽ ഓരോ പ്രവൃത്തിയും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly